**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 1988 04.05.2017-ൽ മറുപടിക്ക്**

**തൃശ്ശൂർ അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്ക് ക്രമക്കേട്**

**ചോദ്യം** | **മറുപടി**

**ശ്രീ.യു. ആർ. പ്രദീപ്**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സഹകരണബാങ്ക് ഭരണസമിതിയെ സസ്പെൻഡ് ചെയ്ത് ചുമതലകളിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്ര മാസത്തേയ്ക്കാണ് മാറ്റി നിർത്തിയിട്ടുള്ളത്; | (ബി) | 6 മാസത്തേയ്ക്കാണ് മാറ്റി നിർത്തിയിട്ടുള്ളത്. |
| (സി) | ഭരണസമിതിയെ മാറ്റി നിർത്താൻ എന്തെല്ലാം ക്രമക്കേടുകൾ ബാങ്കിൽ നടന്നതായിട്ടാണ് സഹകരണ വകുപ്പ് കണ്ടെത്തിയിട്ടുള്ളത്;വിശദാംശം വ്യക്തമാക്കുമോ; | (സി) | ബാങ്കിന്റെ അംഗത്വ രജിസ്റ്ററിൽ കൃത്രിമം കാണിച്ച് അനർഹരെ ഉൾപ്പെടുത്തി നിയമ വിരുദ്ധമായി വായ്പകൾ നൽകിയിട്ടുള്ളതായും സോഫ്റ്റ് വെയർ സംവിധാനങ്ങളെ ദുരുപയോഗപ്പെടുത്തി കണക്കുകളിൽ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായും ബാങ്കിന്റെ നിയമാവലി വ്യവസ്ഥകൾക്ക് വിരുദ്ധമായി വായ്പാ വിതരണവും തിരിച്ചടവിൽ ഇളവ് അനുവാദവും നൽകിയതായും കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | ക്രമക്കേട് നടത്തിയവർക്കെതിരെ, കർശന നടപടി സ്വീകരിച്ച് ജനങ്ങളുടെ നിക്ഷേപം സംരക്ഷിക്കുന്നതിനും ബാങ്കിനെ ജനോപകാരപ്രദമാക്കി മാറ്റുന്നതിനും | (ഡി) | ബാങ്കിന്റെ നിലവിലുണ്ടായിരുന്ന ഭരണസമിതിയെ ആറ് മാസത്തേയ്ക്ക് മാറ്റി നിർത്തിയിട്ടുണ്ട്. ബാങ്കിൽ നടന്ന ക്രമക്കേടുകളെ കുറിച്ച് വിശദമായ |

| | | | |
|---|---|---|---|
| | ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | | അന്വേഷണത്തിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ